വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, നാഗഞ്ചേരി മനയ്ക്ക് 150 വർഷം പഴക്കമുണ്ടെന്നാണ് രേഖകളിൽനിന്ന് മനസ്സിലാകുന്നത്. മന മറ്റ് ആവശ്യങ്ങൾക്കൊന്നും ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഇത് ഇപ്പോൾ പെരുമ്പാവൂർ നഗരസഭയുടെ പൂർണ്ണ ഉടമസ്ഥതയിലാണ്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് നാഗഞ്ചേരി മന ചരിത്ര സ്മാരകമാക്കി നിലനിർത്തുന്നതിനും മ്യൂസിയം, പാർക്ക്, അക്വേറിയം എന്നിവ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും സംസ്ഥാന പുരാവസ്തു വകുപ്പുവഴി ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(8) മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഭൂമി കേസിലെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യാൻ നടപടി

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ വിവാദമായ മെർക്കിസ്റ്റൺ എസ്റ്റേറ്റ് കേസുമായി ബന്ധപ്പെട്ട് ഐ.എസ്.ആർ.ഒ.-ക്ക് സേവി മനോമാത്യു വിറ്റ 81 ഏക്കർ 50 സെന്റ് എസ്റ്റേറ്റ് വക ഭൂമി സംബന്ധിച്ച് 7-9-2007-ലെ ഇ.എഫ്.എൽ. കസ്റ്റോഡിയൻ ഉത്തരവും പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ തിരുവനന്തപുരം ഡി.എഫ്.ഒ. നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ഹൈക്കോടതി 4-10-2007-ൽ സ്റ്റേ ചെയ്യുകയുണ്ടായി. ഈ ഗവൺമെന്റ് സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാനായി 23-10-2007-ൽ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ട് മൂന്ന് കൊല്ലക്കാലം ആകാൻ പോകുകയാണ്. മൂന്ന് വർഷമായിട്ടും സ്റ്റേ ഉത്തരവ് നീക്കം ചെയ്ത് ഈ കേസിൽ തീർപ്പ് കൽപ്പിക്കാനുള്ള യാതൊരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നിയമസഭയിൽ കൊടുത്ത ഉത്തരത്തിൽത്തന്നെ 42 പ്രാവശ്യം ഈ കേസ് ഹൈക്കോടതിയിൽ പോസ്റ്റ് ചെയ്യുകയുണ്ടായി. 42 പ്രാവശ്യവും ബഹുമാനപ്പെട്ട ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീലൻമാർ ഈ കേസ് മാറ്റിവയ്ക്കണമെന്നുള്ള ഒരു സബ്മിഷൻ അല്ലാതെ കോടതിയുടെ മുമ്പിൽ ഈ സ്റ്റേ വെക്കേറ്റ് ചെയ്യണമെന്നോ ഈ കേസിൽ തീർപ്പുണ്ടാക്കണമെന്നോ ഒരു പ്രാവശ്യം പോലും ആവശ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ഈ കേസിൽ തീർപ്പാകരുത് എന്നുള്ള ഒരു നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലും ഗവൺമെന്റ് പ്ലീഡർമാർക്കും കൊടുത്തിട്ടുള്ളത് കൊണ്ട് മനഃപൂർവ്വമായ ഉപേക്ഷ വരുത്തിക്കൊണ്ട് ഈ കേസിൽ തീരുമാനം ഉണ്ടാക്കാതിരിക്കാൻ ശ്രമിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഐ.എസ്.ആർ.ഒ. പറഞ്ഞിട്ടുണ്ട്, "Since the ownership of the land is under dispute in the Hon'ble High Court of Kerala, action on refund of the cost of the land from Shri Xavi Mano Mathew will depend on the Court verdict.' മനഃപൂർവ്വമായി ഗവൺമെന്റ് ഉപേക്ഷ കാണിക്കുന്നതുകൊണ്ടാണ് ഇതിൽ തീരുമാനം ആകാത്തതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, 2000-ലെ കേരള വനം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വവും നടത്തിപ്പും ഓർഡിനൻസിലെ നിർവ്വചനത്തിൽപ്പെടുന്ന മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ 2-6-2000 മുതൽ സർക്കാരിൽ നിക്ഷിപ്തമായി. അപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ 268.872 ഹെക്ടർ പ്രദേശം സംബന്ധിച്ച വിവരങ്ങൾ 20-10-2000-ലെ ഒന്നാം നമ്പർ കേരള ഗസറ്റിൽ ഇ.എഫ്.എൽ. കസ്റ്റോഡിയൻ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 12-6-2007-ലെ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഉത്തരവുപ്രകാരം അത് ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ട 268.872 ഹെക്ടർ ഭൂമിയിൽ നിന്നും 24.409 ഹെക്ടർ ഭൂമി ഒഴികെ ബാക്കിയുള്ള ഭൂമി പരിസ്ഥിതി ദുർബ്ബല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. തുടർന്ന് 7-9-2007-ൽ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഉത്തരവുപ്രകാരം ടി ഇ.എഫ്.എൽ. ഭൂമി പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണെന്നും ടി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് മറ്റൊരു വിജ്ഞാപനവും ഇതുവരെ സർക്കാരിൽനിന്ന് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ അറിവോ സമ്മതമോ കൂടാതെ പ്രസ്തുത ഭൂമിയിൽ പ്രവേശിക്കുവാനോ പരിസ്ഥിതിക്ക് ഹാനികരമായ എന്തെങ്കിലും പ്രവൃത്തികൾ ചെയ്യുവാനോ ആർക്കും അധികാരമില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 8-9-2007-ലെ എ2/4078 നമ്പർ ഉത്തരവ് പ്രകാരം ഇ.എഫ്.എൽ. ഭൂമിയിൽ നിന്ന് ഒഴിഞ്ഞു പോകുവാൻ മെസേഴ്സ് സതേൺ ഫീൽഡ് വെഞ്ചേഴ്സ് എന്ന സ്ഥാപനത്തിന് തിരുവനന്തപുരം ഡി.എഫ്.ഒ. നോട്ടീസ് നൽകുകയുണ്ടായി. മേൽ വിവരിച്ച നോട്ടീസിനെതിരെ മെസേഴ്സ് സതേൺ ഫീൽഡ് വെഞ്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ. സേവി മനോമാത്യു ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി.സി. 27821 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-10-2007-ലെ ഉത്തരവ് പ്രകാരം ഇ.എഫ്.എൽ. കസ്റ്റോഡിയന്റേയും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടേയും നോട്ടീസുകൾ താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ഈ കേസിൽ അന്തിമവിധി ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാൻ സർക്കാർ 23-10-2007-ൽ തന്നെ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തതിനുശേഷം ഏതാണ്ട് 42 തവണ ഈ കേസ് കോടതിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്. 42 തവണയും സർക്കാർ ആവശ്യപ്പെട്ടത് ഈ കേസ്സിൽ എത്രയും വേഗം തീർപ്പ് ഉണ്ടാക്കണമെന്നാണ്. സത്യം ഇതായിരിക്കെ ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞത് ബോധപൂർവ്വമായ അസത്യ പ്രസ്താവനയാണ്. ഇതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ മറ്റ് പത്ത് കേസ്സുകൾ കൂടി നിലവിലുണ്ട്. ഈ കേസ്സുകൾ ഒരുമിച്ചാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബഞ്ച് പരിഗണിച്ചുവരുന്നത്. കോടതിയിൽ ഫയൽ ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ യഥാസമയം തന്നെ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സിനെ സംബന്ധിച്ച് നിലനിൽക്കുന്ന സ്റ്റേ അടിയന്തിരമായി ഒഴിവാക്കുന്നതിലേക്ക് സത്വര നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ് നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടേയോ ഉദ്യോഗസ്ഥരുടേയോ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. ഇത് പുകമുറ ഉണ്ടാക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ നീക്കമാണ്. അതിനകത്ത് വസ്തുതയുമായി യാതൊരു ബന്ധവുമില്ലെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പത്ത് കേസുകൾ ഒന്നിച്ചുകിടക്കുന്നു എന്ന് പറഞ്ഞു. മറ്റ് പത്ത് കേസ്സുകൾ ഗവൺമെന്റ് ഉത്തരവിനെതിരെയുള്ള കേസുകളാണ്. ഗവൺമെന്റിന്റെ ഭൂമി ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച ഭൂമി വിറ്റ് കാശ് പോക്കറ്റിൽ ഇട്ട കേസാണ്. അത് മൂന്ന് കൊല്ലമാകാൻ പോകുന്നു, ഒരു കോടതിയുടെ സ്റ്റേ നിൽക്കുന്നു. 42 പ്രാവശ്യവും ഗവൺമെന്റിനുവേണ്ടി വാദിച്ചവർ ഈ കേസ് നടത്തണമെന്ന് പറഞ്ഞിട്ട് കോടതി 42 പ്രാവശ്യവും ഗവൺമെന്റിന്റെ വാദം കേട്ടില്ലെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പറ്റുന്നില്ല. അങ്ങനെയാണെങ്കിൽ ഗവൺമെന്റിനു വേണ്ടി കോടതിയിൽപോയ വക്കീലൻമാർക്ക് എന്തോ കുഴപ്പമുണ്ട്. നമുക്ക് വേറെ വക്കീലൻമാരെ ഏൽപ്പിക്കേണ്ടിവരും. ഗവൺമെന്റ് ഇ.എഫ്.എൽ. ആയിട്ട് പ്രഖ്യാപിച്ച സ്ഥലം വിറ്റ് കാശാക്കിയ പണം അവരുടെ കയ്യിൽ കിടക്കുകയാണ്. മൂന്ന് കൊല്ലമാകുന്നു. ഇതിൽപ്പരം ഗുരുതരമായ വീഴ്ച ഉണ്ടാകാനുണ്ടോ ?

ശ്രീ. ബിനോയ് വിശ്വം: സർ, ഈ കേസ് കേൾക്കുന്നത് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് അടക്കമുള്ള ഡിവിഷൻ ബഞ്ചാണ്. ഇതിനിടയ്ക്ക് രണ്ട് തവണ അവർ മാറി മാറി വന്നു. മൂന്നാമത്തെ ചീഫാണ് ആ ബഞ്ചിൽ ഇരിക്കുന്നത്. ആ കോടതിയുടെ പരിഗണനയ്ക്ക് കേസ് എത്തുമ്പോൾ എല്ലാം ഗവൺമെന്റ് പറയുന്നത് എത്രയും വേഗം തീർപ്പ് വേണമെന്നാണ്. ഈ കാര്യങ്ങളെല്ലാം ഉണ്ടായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ ഭൂമി വിറ്റതും കൊടുത്തതുമെല്ലാം ഇവരാണ്. ഈ ഗവൺമെന്റാണ് റദ്ദാക്കൽ നീക്കിയത്. ന്യായത്തിനും നീതിക്കും നിൽക്കുന്ന ഒരു ഗവൺമെന്റിനെതിരായിട്ടുള്ള അവാസ്തവ പ്രസ്താവനയാണ് ഇവിടെ നടത്തുന്നത്. ഇത് വിലപ്പോകാൻ പോകുന്നില്ല. ഈ കേസിനകത്ത് ആദ്യാവസാനം കള്ളത്തരം കാണിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഈ സർക്കാരിന് ന്യായം നടപ്പാക്കാൻ മാത്രമേ സാധിക്കുകയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങുംകൂടി പങ്കെടുത്ത ഒരു മീറ്റിംഗിൽ വച്ച് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർക്ക് ഇത് കൊടുക്കാൻ തീരുമാനിച്ചത്. നിഷേധിക്കാൻ പറ്റുമോ ? അതിന്റെ മിനിറ്റ്സുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊക്കെ നമ്മൾ കുറേ ചർച്ച നടത്തിയതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാം, ഇവർക്ക് വേണ്ടി കോടതിയിൽ പോയപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞു, ഈ രണ്ട് മന്ത്രിമാർക്കും എന്തെങ്കിലും മറച്ചുവയ്ക്കാനുണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം ഒരു യോഗം കൂടുമായിരുന്നില്ല, മന്ത്രിമാർ രണ്ടുപേരും ചെയ്തത് അവരുടെ ഒഫീഷ്യൽ ഡ്യൂട്ടിയുടെ നിർവ്വഹണം മാത്രമാണെന്ന് കോടതി പറഞ്ഞതാണ്. ഇതെല്ലാം അറിഞ്ഞിരിക്കേ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും കാണിച്ച വലിയ കൊള്ളയെ മൂടിവയ്ക്കാൻവേണ്ടിയുള്ള നീക്കമാണ് നടത്തുന്നത്. അതിന് രാജ്യം ഒരിക്കലും വഴങ്ങാൻ പോകുന്നില്ല.

(9) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ

ശ്രീമതി കെ. കെ. ലതിക : സർ, സംസ്ഥാനത്തെ അംഗൻവാടികളിൽ ജോലി ചെയ്തുവരുന്ന വർക്കർമാർക്ക് 2050 മുതൽ 2153 രൂപയും ഹെൽപ്പർമാർക്ക് 1300-ഉം രൂപയുമാണ് മാസശമ്പളമായി ലഭിച്ചുവരുന്നത്. ഇവർക്ക് ക്ഷേമനിധി അടിസ്ഥാനത്തിൽ പെൻഷൻ പ്രഖ്യാപിച്ചുവെങ്കിലും നാളിതുവരെ കൊടുത്തുതുടങ്ങിയില്ല. ഒമ്പതര മുതൽ മൂന്നരമണിവരെ അമിതമായ ജോലിഭാരമാണ് അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ളത്. നമ്മുടെ കുഞ്ഞുങ്ങൾ പ്രൈമറി ക്ലാസ്സുകളിൽ എത്തുന്നതിനുമുമ്പുള്ള കുസൃതി നിറഞ്ഞ പ്രീ-പ്രൈമറി കാലഘട്ടം അംഗൻവാടി ജീവനക്കാരുടെ കൈകളിലാണ്. കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണം നടക്കുന്ന ഈ പീരിയഡിൽ അവരെ സംരക്ഷിച്ച് കൈകാര്യം ചെയ്യുന്ന അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും പെൻഷൻ നൽകുന്നതിന് നടപടിയുണ്ടാകണമെന്നും ആയത് ഈ ഓണക്കാലത്ത് വിതരണം ചെയ്തുതുടങ്ങണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ഐ.സി.ഡി.എസ്. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കാര്യത്തിൽ ഈ ഗവൺമെന്റ് വളരെ ഫലപ്രദമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുതിയ അംഗൻവാടികൾ അനുവദിക്കുക, വർഷങ്ങളായി ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുക, പുതിയ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരുടെ തസ്തിക സൃഷ്ടിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ ഈ സർക്കാർ ചെയ്തിട്ടുണ്ട്. 65-75 വയസ്സായിട്ടും പിരിഞ്ഞുപോകാൻ പറ്റാതെ വിഷമിക്കുന്ന കേരളത്തിലെ ആയിരത്തിലധികം വരുന്ന പാവപ്പെട്ട വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം അറുപത് വയസ്സായി നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കി. 7-8-2009-ലെ ഉത്തരവ് പ്രകാരം വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ഉത്തരവായി. വർക്കർമാർക്ക് 500 രൂപയും ഹെൽപ്പർമാർക്ക് 300 രൂപയും പ്രതിമാസം പെൻഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അംഗൻവാടി പ്രവർത്തകർക്കുള്ള ക്ഷേമനിധിയുടെ ഭാഗമായാണ് പെൻഷൻ നൽകുക. പെൻഷൻ പറ്റുന്ന ആൾ മരണപ്പെടുന്ന പക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കർമാരുടേതാണെങ്കിൽ 15,000 രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000 രൂപയും ഒറ്റത്തവണ

LIBRARY ARCHIVES Kerala Legislative Assembly